©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസററ്

**PUBLISHED BY AUTHORITY**
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| **Vol. LIII** വാല്യം 53 | **Thiruvananthapuram, Tuesday** തിരുവനന്തപുരം, ചൊവ്വ | **8th July 2008** 2008 ജൂലൈ 8 / **17th Ashadha 1930** 1930 ആഷാഢം 17 | **No.** നമ്പർ | **28** |

Kerala Gazette No. 28 dated 8th July 2008.

**PART III**

## COMMISSIONERATE OF LAND REVENUE

### KOLLAM DISTRICT

### Kollam Taluk

പരസ്യം

(1)

നമ്പർ സി2-6088/2008. 2008 മേയ് 9.

കൊല്ലം താലൂക്കിൽ തഴുത്തല വില്ലേജിൽ വടക്കേ മൈലക്കാട് ചേരിയിൽ, കാഞ്ഞിരംവിള വീട്ടിൽ പീറ്റർ സെബാസ്റ്റ്യൻ 7-1-2007-ൽ മരണപ്പെട്ടുപോയതായും പരേതന്റെ പേരിൽ ബാങ്ക് ഓഫ് ബറോഡയിലുള്ള നിക്ഷേപത്തിന്റെ പെരുമാറുന്നതിലേക്ക് അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് ടി വീട്ടിൽ ലില്ലിക്കുട്ടി ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ വടക്കേവിള വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ്സ് |
|---|---|---|---|
| 1 | ലില്ലിക്കുട്ടി | ഭാര്യ | 40 |
| 2 | റോജ | മകൾ | 13 |

മേൽക്കാണിച്ച മൈനർ മകൾ അപേക്ഷാകക്ഷിയുടെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതും മൈനറിനുവേണ്ടി അപേക്ഷക സംരക്ഷകയെന്ന നിലയിൽ മൊഴി ഹാജരാക്കിയിരുന്നതിനാലും പരേതന് അവകാശപ്പെട്ട മേൽകാണിച്ച ബാങ്ക് നിക്ഷേപത്തിന്റെ പെരുമാറുന്നതിനുള്ള അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കുശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ സി2-5611/2008. 2008 മേയ് 29.

കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ കുരീപ്പുഴ ചേരിയിൽ കളരി തെക്കതിൽ വീട്ടിൽ വിജയകുമാരൻ 14-10-2007-ൽ മരണപ്പെട്ടുപോയതായും പരേതന്റെ പേരിൽ വിദേശത്തുനിന്നും ലഭിക്കുവാനുള്ള മരണാനന്തര ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് ടി വീട്ടിൽ ഷീല ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ ശക്തികുളങ്ങര വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ്സ് |
|---|---|---|---|
| 1 | ഷീല | ഭാര്യ | 32 |
| 2 | അശ്വതി | മകൾ | 14 |
| 3 | വിഘ്നേഷ് | മകൻ | 10 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

മേൽക്കാണിച്ച മൈനർ മക്കൾ അപേക്ഷാകക്ഷിയുടെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതും മൈനറുകൾക്കുവേണ്ടി അപേക്ഷക സംരക്ഷകയെന്ന നിലയിൽ മൊഴി ഹാജരാക്കിയിരുന്നതിനാലും പരേതന് അവകാശപ്പെട്ട മേൽക്കാണിച്ച ആനുകൂല്യങ്ങൾ വാങ്ങുന്നതിനുള്ള അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കുശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

താലൂക്കാഫീസ്,
കൊല്ലം.

(ഒപ്പ്)
തഹസീൽദാർ.